**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.**382** **29.01.2019**-ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉണ്ണി | ഡോ. ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**<u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ</u>**

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും, അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും, നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും, സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിയുമുള്ള ബഹുമുഖ സമീപനമാണ് സംസ്ഥാനത്തിന്റെ പൊതുസാമ്പത്തിക സ്ഥിതിയെ പുനരുജ്ജീവിപ്പിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. |
| (ബി) | 01.04.2017 മുതൽ 31.03.2018 വരെ ഉണ്ടായ സർക്കാരിന്റെ വരവ് ചെലവുകളുടെ വിശദാംശം ലഭ്യമാക്കാമോ; | 2017-18 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം, കേന്ദ്രഗവൺമെന്റിൽ നിന്നുമുള്ള കൈമാറ്റം ഉൾപ്പടെ, 83,020.14/- കോടി രൂപയും ആകെ ചെലവ് 1,10,237.81/-കോടി രൂപയുമായിരുന്നു. |
| (സി) | സംസ്ഥാനത്തെ വിഭവ സമാഹരണത്തിനായി വിഭാവനം ചെയ്യപ്പെട്ട പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | സംസ്ഥാനത്തിന്റെ വിഭവ സമാഹരണത്തിനായി പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതികളൊന്നും സർക്കാർ രൂപീകരിച്ചിട്ടില്ല. |
| (ഡി) | പ്രളയദുരന്തവുമായി ബന്ധപ്പെട്ട് അധിക വിഭവസമാഹരണത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ? | പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേക്ക് ഒഴുകുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടു വരുന്നത്. നടപ്പ് വർഷത്തെ പദ്ധതിയിൽ 20% പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾക്കും, |

| | | |
|---|---|---|
| | | വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾക്കും ഒഴികെയുള്ള സ്കീമുകളിൽ നിന്നും കുറവ് വരുത്തുന്നതിനും, ഈ തുക റോഡുകളുടെയും കുടിവെള്ള പദ്ധതികളുടെയും പുനഃസൃഷ്ടിക്ക് വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ ഭേദഗതി വരുത്തുവാനും നിശ്ചയിച്ചിരുന്നു. സാമ്പത്തിക അച്ചടക്കം ഉറപ്പു വരുത്തുന്നതിനും, ധനദൃഢീകരണം സാധ്യമാക്കുന്നതിനും ഉതകുന്ന നിർദ്ദേശങ്ങളും പ്രാബല്യത്തിലുണ്ട്.<br><br>പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമ്മാണ വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി. യുടെ 4.5 ശതമാനമായും, 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്നും, സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്ക് മേൽ ചുമത്തുന്ന ജി.എസ്.ടി.യ്ക്ക് പുറമെ 10% സെസ്സ് ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ലോക ബാങ്ക്, എ.ഡി.ബി. എന്നിവയിൽ നിന്നും വായ്പകൾ ലഭ്യമാക്കുന്നതിനും, നിലവിൽ മേൽ സ്ഥാപനങ്ങൾ മുഖേനയുള്ള പദ്ധതികളിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുക വിനിയോഗിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ RIDF, NIDA, HUDCO എന്നിവിടങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ